[redacted]

KERALA BANK
Kerala State Co-operative Bank

# THE KERALA STATE CO-OPERATIVE BANK LTD.

(A Scheduled Bank)

COBANK TOWERS, VIKASBHAVAN P.O., PALAYAM, THIRUVANANTHAPURAM

## അപേക്ഷ ക്ഷണിക്കുന്നു

കേരള ബാങ്കിന്റെ തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട്, കാസർഗോഡ് ജില്ലകളിലുള്ള വിവിധ ശാഖകളിൽ ഗോൾഡ് അപ്രൈസർമാരുടെ ഒഴിവുകളിലേക്ക് കമ്മീഷൻ വ്യവസ്ഥയിൽ താത്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

**യോഗ്യതാ മാനദണ്ഡങ്ങൾ**

സ്ത്രീകൾക്കും പുരുഷന്മാർക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്. പ്രായം : 20 – 60 വയസ്സ്. അപേക്ഷകന് / അപേക്ഷകയ്ക്ക് സ്വർണത്തിന്റെ മാറ്റുപരിശോധിക്കുവാൻ ഏതെങ്കിലും അംഗീകൃത സ്ഥാപനം / അംഗീകൃത ഏജൻസി നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ആഭരണ നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡിലുള്ള അംഗത്വം ഉണ്ടായിരിക്കണം. ഇന്റർവ്യൂ, പ്രായോഗിക പരിജ്ഞാന പരിശോധന, പോലീസ് വെരിഫിക്കേഷൻ/ക്ലിയറൻസ് എന്നിവയുടെ അടിസ്ഥാനനത്തിലായിരിക്കും നിയമനം. സ്വർണ്ണപണിയിൽ കുറഞ്ഞത് 5 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. ഓരോ ജില്ലയിലേക്കും അപേക്ഷിക്കുന്നവർ ആ ജില്ലയിലെ കേരള ബാങ്കിന്റെ ഏത് ശാഖയിലും ജോലി ചെയ്യുവാൻ സന്നദ്ധരായിരിക്കണം. ബാങ്ക് നിഷ്കർഷിക്കുന്ന സെക്യൂരിറ്റി തുക, ഇൻഡെമിനിറ്റി ബോണ്ട്, ബാങ്കിന് സ്വീകാര്യമായ പൊതു സമ്മതരായ രണ്ട് വ്യക്തികളുടെ ജാമ്യം തുടങ്ങിയവ നിയമന സമയത്തു നിയമനം ലഭിക്കുന്നയാൾ നൽകേണ്ടതാണ്. അപ്രൈസർമാരെ സംബന്ധിച്ച ബാങ്കിന്റെ എല്ലാ നിബന്ധനകളും പാലിക്കുവാനും, ബാങ്കിന്റെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ബാങ്ക് ഇടപാട് സമയങ്ങളിൽ ബാങ്കിൽ ഹാജരായിരിക്കേണ്ടതും, ബാങ്ക് മാനേജർ / അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ നിർദേശപ്രകാരം സ്വർണ്ണപ്പണയ വായ്പ വർദ്ധനവിനും സ്വർണ്ണപ്പണയ കുടിശ്ശിക കുറയ്ക്കുന്നതിനും മാനേജർ നിർദ്ദേശിക്കുന്ന ബാങ്ക് സംബന്ധമായ മറ്റു ജോലികൾക്കും നിയമനം ലഭിക്കുന്നവർ സന്നദ്ധരായിരിക്കണം. ഒരാൾ ഒന്നിൽ കൂടുതൽ ജില്ലകളിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളതല്ല. കേരള ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ തയ്യാറാക്കിയ അപേക്ഷ ബാങ്കിന്റെ റീജിയണൽ ഓഫീസുകൾ / ജില്ലാ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ **2026 ജൂലൈ 10 വൈകുന്നേരം 5 മണിക്ക്** മുൻപായി സമർപ്പിക്കേണ്ടതാണ്. www.kerala.bank.in

01.07.2026
തിരുവനന്തപുരം

ഒപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ